## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.814** **30/06/2015-ൽ മറുപടിക്ക്**

## സർക്കാർ ആശുപത്രികളിലെ സൗജന്യ മരുന്നുവിതരണം

**ചോദ്യം**

ശ്രീമതി.കെ.എസ്.സലീഖ

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിൽ സൗജന്യമായി വിതരണം ചെയ്യുന്ന 820 ൽ കൂടുതൽ ജനറിക് മരുന്നുകളിൽ എത്ര മരുന്നുകൾ നിലവിൽ ലഭ്യമാണ് ; ഓരോ മരുന്നിന്റെയും എത്ര സ്റ്റോക്കുവീതം കൈവശമുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ; | (എ) | 585 ഇനം മരുന്നുകളും അനുബന്ധ ഉപകരണങ്ങളുമാണ് നടപ്പ സാമ്പത്തിക വർഷം സർക്കാർ ആശുപത്രികളിലൂടെ സൗജന്യമായി വിതരണം ചെയ്യുന്നതിനായി കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത മരുന്നുകളുടെ നിലവിലുള്ള സ്റ്റോക്ക് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മരുന്നുകളിൽ നിലവിൽ ലഭിക്കാത്ത മരുന്നുകൾ ഏതെല്ലാം ; അവ എപ്പോൾ ലഭ്യമാക്കും ; അതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ബി) | നടപ്പ സാമ്പത്തിക വർഷം സർക്കാർ ആശുപത്രികളിലൂടെയുള്ള സൗജന്യമരുന്ന വിതരണത്തിനായി 585 ഇനം മരുന്നുകളും അനുബന്ധ ഉപകരണങ്ങളുടെയും ടെണ്ടർ 2015 ജനുവരി 8-ന് ആരംഭിച്ചു. ടെണ്ടർ സമർപ്പിച്ച വിതരണക്കാരുടെ രേഖകളുടെയും പ്രമാണങ്ങളുടെയും പരിശോധന, മരുന്ന് ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകളുടെ പരിശോധന തുടങ്ങിയവ നടത്തി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 2015 ഏപ്രിൽ മാസം മുതൽ പർച്ചേസ് ഓർഡറുകൾ നൽകിത്തുടങ്ങിയിട്ടുണ്ട്. ഇതിൽ വിതരണക്കാരെ ലഭിക്കാത്ത 71 ഇനം മരുന്നുകളും മുൻ വർഷത്തെക്കാൾ കൂടുതൽ വില ക്വാട്ട് ചെയ്ത 20 ഇനം മരുന്നുകളും ഉൾപ്പെടെ 91 ഇനം മരുന്നുകളുടെ റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (സി) | ഹൃദ്രോഗികൾക്ക് മെഡിക്കൽ കോളേജുകളിൽ പോലും സൗജന്യ ജീവൻരക്ഷാ മരുന്നുകൾ ലഭ്യമല്ല എന്നും മെഡിക്കൽ കോളേജുകൾക്ക് ഇത് കെ.എം.എസ്.സി.എൽ നൽകുന്നില്ല എന്നും വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടുവോ ; വിശദാംശം ലഭ്യമാക്കുമോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഹൃദ്രോഗ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന ആസ്പിരിൻ, അംലോഡിപിൻ, അറ്റെനലോൾ, ക്ലോപ്പിഡോഗ്രൽ, ഡിൽറ്റിയാസെം തുടങ്ങിയ ടാബ്ലറ്റുകളും. ഡോപാമിൻ, ഡോബ്യൂട്ടാമിൻ തുടങ്ങിയ ഇൻജക്ഷനുകളും, ഐസോസോർബൈഡ് മോണോ നൈട്രേറ്റ്, ഗ്ലിസെറിൽ ട്രൈനൈട്രേറ്റ്, നിഫെഡിപിൻ, പ്രൊപ്രനൊലോൾ തുടങ്ങിയ മരുന്നുകളും കെ.എം.എസ്.സി.എൽ. മുഖേന സംഭരിച്ച് സർക്കാർ ആശുപത്രികൾക്ക് |

| | | | |
|---|---|---|---|
| | | | ആവശ്യാനുസരണം വിതരണം ചെയ്യുന്നുണ്ട്. കൂടാതെ ഹൃദ്രോഗ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന സെപ്രോകൈനെസ് എന്ന മരുന്നിന്റെ ലഭ്യത കുറവുണ്ടെന്ന് മനസ്സിലാക്കി കാരുണ്യാ ഫാർമസി മുഖേന അതിന്റെ ലഭ്യത ഉറപ്പു വരുത്തിയിട്ടുണ്ട്. |
| (ഡി) | നിലവിൽ ഓരോ മെഡിക്കൽ കോളേജിലും രോഗികൾക്ക നൽകേണ്ടതും കൈവശമുള്ളതുമായ മരുന്നുകളും അവയുടെ സ്റ്റോക്കും നടപ്പുവർഷം കെ.എം.എസ്.സി.എൽ മെഡിക്കൽ കോളേജുകൾക്ക നൽകിയ മരുന്നുകളുടെ അളവും എത്രയെന്ന് വ്യക്തമാക്കാമോ ; സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ? | (ഡി) | 2015-16 സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ കോർപ്പറേഷൻ മുഖേന മെഡിക്കൽ കോളേജുകളിലേയ്ക്ക് വിതരണം നടത്തിയ മരുന്നുകളുടെ വിശദാംശങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു. തുടർവിതരണത്തിനായുള്ള മരുന്നുകൾക്ക് 2015 എപ്രിൽ മാസം മുതൽ തന്നെ വിതരണ ഓർഡറുകൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്